


# ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

11 FEBRUARY 2024 | VOL 03 | ISSUE 041 | 740


QUOTES OF DAYS



**FEB 11**

തുടർച്ചയായ പാഠങ്ങളുടെ കലവറയാണ് ജീവിതം. അത് മനസ്സിലാക്കേണ്ടതിനാണ് നാം ജീവിക്കുന്നത്

**ഹെലൻ കെല്ലർ**

# റഫയിൽ കരയാക്രമണത്തിന് സജ്ജമായി ഇസ്രായേൽ

**ജെറുസലേം** : ലക്ഷക്കണക്കിന് അഭയാർഥികൾ തിങ്ങിപ്പാർക്കുന്ന തെക്കൻ ഗസ്സയിലെ റഫയിൽ കരയാക്രമണത്തിന് ഇസ്രായേൽ തയാറെടുക്കുന്നതായി റിപ്പോർട്ട്. റഫയിലെ ജനങ്ങളെ ഒഴിപ്പിച്ച ശേഷമാകും സൈനിക നടപടിയെന്നാണ് പറയുന്നത്. റഫയിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച തയ്യാറെടുപ്പിനെക്കുറിച്ച് മേഖലയിലെ നിരവധി രാജ്യങ്ങളെയും അമേരിക്കയെയും അറിയിച്ചതായി ഇസ്രായേലി പബ്ലിക് ബ്രോഡ്കാസ്റ്റർ കെ.എ.എൻ റിപ്പോർട്ട് ചെയ്യുന്നു

റഫയിലെ കരയാക്രമണം രണ്ടാഴ്ചക്കകം ആരംഭിച്ചേക്കുമെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു യു.എസ് സ്റ്റേറ്റ് സെക്രട്ടറി ബ്ലിങ്കനെ അറിയിച്ചതായാണ് വിവരം. വടക്കൻ ഗസ്സയിൽനിന്നും മധ്യ ഗസ്സയിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട ജനങ്ങൾ ഈജിപ്ത് അതിർത്തിയോട് ചേർന്ന റഫയിലാണ് അഭയം തേടിയിരിക്കുന്നത്. ഏകദേശം 10 ലക്ഷത്തോളം പേർ ഇവിടെ കഴിയുന്നുണ്ടെന്നാണ് വിവരം. പലരും ടെന്റടിച്ച് പ്രതികൂല സാഹചര്യങ്ങളിൽ ദുരിതപൂർണമായ ജീവിതമാണ് നയിക്കുന്നത്.







## പൗരത്വ ഭേദഗതി നിയമം ഉടൻ നടപ്പിലാക്കും: അമിത് ഷാ

ന്യൂഡൽഹി: പൗരത്വ ഭേദഗതി നിയമം ഉടനടി നടപ്പാക്കുമെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ. ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പ് വിജ്ഞാപനം ഇറക്കും. ഇക്കാര്യത്തിൽ ആർക്കും സംശയം വേണ്ടെന്നും അമിത് ഷാ പറഞ്ഞു. യഥാർത്ഥത്തിൽ സി.എ.എ എന്നത് കോൺഗ്രസ് സർക്കാറിന്റെ വാഗ്ദാനമായിരുന്നു. എന്നാൽ, അങ്ങനെയൊന്ന് നടന്നിട്ടില്ല എന്നാണ് കോൺഗ്രസ് നടിക്കുന്നത്. മുസ്ലിംകളെ തെറ്റിദ്ധരിപ്പിക്കാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. സി.എ.എക്ക് ആരുടെയും പൗരത്വം കവർന്നെടുക്കാനാവില്ല. ബംഗ്ലാദേശിലും പാകിസ്ഥാനിലും പീഡിപ്പിക്കപ്പെട്ട അഭയാർത്ഥികൾക്ക് പൗരത്വം നൽകുന്ന ഒരു നിയമം മാത്രമാണ് സി.എ.എ എന്നും അദ്ദേഹം പറഞ്ഞു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02
11 FEBRUARY 2024
VOL 03 | ISSUE 041 | 740

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ളിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒഖ്ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

### ഫെബ്രുവരി 11

**എബ്രാ 10:17** ‘അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കയുമില്ല‘ എന്നുകൂടി അരുളിച്ചെയ്യുന്നു.

എഡിറ്റോറിയൽ

# മതസഹിഷ്ണുത



പാസ്റ്റർ സണ്ണി പി. സാമുവേൽ

മതേതരത്വം, മതനിരപേക്ഷത, മതസഹിഷ്ണുത എന്നീ വാക്കുകൾ പലപ്പോഴും പരസ്പരം മാറ്റിയാണു പ്രസംഗങ്ങളിലും എഴുത്തുകളിലും ഉപയോഗിക്കുന്നത്. മതേതരത്വം എന്നു നാം വിവക്ഷിക്കുന്ന സെക്യുലറിസം എന്ന വാക്കു ശരിക്കും മതേതരത്വമെന്നു വിവർത്തനം ചെയ്യുന്നതു അത്ര കൃത്യമായ അർത്ഥമല്ല നല്കിത്തരുന്നത്. മതം+ഇതരം ആണു മതേതരം. മതത്തിൽ നിന്നു ഭരണകൂടത്തെ വേർതിരിക്കണം എന്ന സിദ്ധാന്തം/ആശയമാണു സെക്യുലറിസം. അപ്പോൾത്തന്നെ മതത്തിന്റെ പേരിൽ ആരോടും വിവേചനം കാണിക്കരുതു എന്നും സെക്യുലറിസം സ്പഷ്ടീകരിക്കുന്നു. ‘സെക്യുലർ വേൾഡ്‘ എന്നു പറഞ്ഞാൽ മതത്തിന്റെ ചട്ടക്കൂടിനു പുറത്തുള്ള ലോകം എന്നാണു കൃത്യമായ അർത്ഥം. മതത്യാഗവാദം, മതനിരാസവാദം, ലൗകികവാദം എന്നിങ്ങനെയും സെക്യുലറിസം വിവർത്തനം ചെയ്യാം. ഈ ചിന്താധാര മതനിരപേക്ഷത എന്ന ആശയത്തിലേക്കാണു നയിക്കുന്നത്. ‘മതനിരപേക്ഷിത‘ എന്നതിലെ ’ഇ’കാര ചിഹ്നം ഉപേക്ഷിച്ചാണു ഇപ്പോൾ മതനിരപേക്ഷത എന്നു സർവ്വസാധാരണമായി പറഞ്ഞു വരുന്നത്. മതത്യാഗം, മതനിരാസത്വം എന്നൊക്കെ പറയുന്നതു നിരീശ്വരവാദം എന്ന അർത്ഥത്തിലല്ല, രാഷ്ട്രീയത്തിൽ മതം വേണ്ട എന്ന അർത്ഥത്തിലാണ്. രാഷ്ട്രനിർമ്മിതിക്കു ലൗകികവാദം മതി, അതാണു ഉത്തമം എന്നാണു സെക്യുലറിസം വാദിക്കുന്നത്. അതിനെയാണ് മതനിരപേക്ഷിത എന്നു പറയുന്നത്. ഒരു രാഷ്ട്രത്തിന്റെ ഭരണഘടന ഒരു മതത്തിന്റെയും നിയമങ്ങളാൽ ബന്ധിക്കപ്പെട്ടിട്ടില്ലാത്ത രാഷ്ട്രമാണു മതനിരപേക്ഷിത രാഷ്ട്രം. ആപേക്ഷിതമല്ലാത്ത എന്ന വാക്കിനു ആശ്രയിക്കാത്ത എന്നർത്ഥം. ഇതിന്റെയൊക്കെ എതിരെപദങ്ങളാണു മതവാദം, മതമൗലികവാദം എന്നീ വാക്കുകൾ. മതമൗലികവാദ രാഷ്ട്രത്തിൽ മതനിയമങ്ങൾ ഭരണഘടനയ്ക്കു മീതേ ആയിരിക്കും. അവിടെ മിക്കയിടങ്ങളിലും മതനേതാവു തന്നെയായിരിക്കും രാഷ്ട്രത്തലവൻ. രാജർഷി എന്നു ഭാരതീയ വിചാരധാരയിൽ പറയും. രാജാവും ഋഷിയും ഒരാൾ തന്നെ. മല്കീസേദെക് ഒരു രാജർഷി ആയിരുന്നു.

മത സഹിഷ്ണുത എന്നതു ലിബറൽ ആയ ഒരു വാക്കാണ്. സ്വന്തം അഭിരുചിക്കു ഇണങ്ങാത്തതായിരുന്നാലും മറ്റുമതങ്ങളെ ക്ഷമയോടെ നോക്കി കാണാനും അംഗീകരിക്കുവാനുള്ള സന്നദ്ധയാണു മതസഹിഷ്ൽത. അപ്പോൾത്തന്നെ, വ്യത്യസ്ത മതങ്ങളുടെ സഹവർത്തിത്വം അംഗീകരിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. അതാണു മതസഹനശീലം (ഞലഹശഴശീൗെ ഠീഹലൃമിരല) ഭാരതീയ വിചാരധാരകളിൽ ഒന്നായിരുന്നു ലോകായതം എന്ന ചാർവാകസിദ്ധാന്തം. അതു ഹിന്ദുവിചാരധാരയുടെ കടകവിരുദ്ധമായ നിരീശ്വര/ഭൗതികവാദ സിദ്ധാന്തമായിരുന്നു. അവരെപ്പോലും സഹിഷ്ണുതയോടെ ഉൾക്കൊണ്ടിരുന്ന രാജാക്കൻമാരും ജനസമൂഹവും ഇന്ത്യയിൽ ഉണ്ടായിരുന്നു. എന്നാൽ സത്യാനന്തരകാലത്തു എത്തിനില്ക്കുന്ന ഭാരതത്തിനു മതസഹിഷ്ണുതയും മതേതരത്വവും മതനിരപേക്ഷിതയും കൈമോശം വന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലുമൊരു പ്രത്യേകമതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പൗരന്മാരെ രാജ്യസ്നേഹിയും രാജ്യദ്രോഹിയും ആയി വേർതിരിക്കുന്നതു മതതീവ്രവാദമാണ്. മതമൗലികവാദം ആവാം, മതതീവ്രവാദം പാടില്ല, ആപത്താണ്. ചക്രവർത്തി ആരാധന (സീസർ വർഷിപ്പ്) ആയിരുന്നു റോമാസാമ്രാജ്യത്തിന്റെ (Imperial Rome) തകർച്ചയുടെ അടിസ്ഥാനം. ഫറവോൻ ദൈവമാണെന്ന വാദമാണു മോശെയുടെ കാലത്തെ മിസ്രയീമിലെ റൂളിങ് ഡൈനാസ്റ്റി തകരുവാൻ കാരണമായത്. ‘കാരണഭൂതൻ‘ എന്ന പദം ഒരുവനു ചാർത്തിക്കൊടുത്താൽ അവനു ദൈവത്വം (divintiy) ചാർത്തി കൊടുക്കുകയാണ്. കാരണഭൂതൻ സ്രഷ്ടാവാണ്.

പെരുവഴിയിൽ സത്യത്തിനു കാലിടറുന്നു എന്നൊരു ചൊല്ലുണ്ട്. ഇപ്പോൾ സത്യത്തിനു മാത്രമല്ല, മതേതരത്വത്തിനും മതസഹിഷ്ൽതയ്ക്കും പെരുവഴിയിൽ കാലിടറുന്നു. കാരണം പെരുവഴി ഭൂരിപക്ഷത്തിന്റെ പിടിയിലാണ്. ആകയാൽ സൂക്ഷ്മതയുള്ളവരാതിരിക്കാം.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:



### സ്വീഡൻ

| | | |
|---|---|---|
| തലസ്ഥാനം | : | സ്റ്റോക്ക്ഹോം |
| ഭാഷ | : | സ്വീഡിഷ് |
| ജനസംഖ്യ | : | 10.5 ദശലക്ഷം |
| പ്രധാനമന്ത്രി | : | ഉൾഫ് ക്രിസ്റ്റേഴ്സൺ |
| മതം | : | ക്രിസ്ത്യൻ |

യുവാക്കളുടെയും അന്യ മതസ്ഥരുടെയും ഇടയിൽ പ്രവർത്തിക്കാർ ദൈവം കൂടുതൽ സുവിശേഷ പ്രവർത്തകരെ എഴുന്നേൽപിക്കണം. പ്രാർത്ഥിക്കുക.

യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടാത്ത നാമമാത്ര ക്രിസ്ത്യാനികളും നിരീശ്വരവാദികളും അജ്ഞേയവാദികളും ധാരാളം. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക

രാജ്യം ദൈവിക പരിപാലനം മനസിലാക്കണം. സാമ്പത്തികമായി മെച്ചപ്പെടണം. പ്രാർത്ഥിക്കുക.



# സ്കൂൾ അസംബ്ലികളിലെ ക്രിസ്ത്യൻ പ്രാർത്ഥനകൾ അവസാനിപ്പിക്കണം: ബോറ



ഗുവാഹത്തി: അസാമിലെ ക്രിസ്തീയ സ്കൂളുകളിൽ നിന്ന് യേശുവിന്റെയും മറിയുടെയും വിഗ്രഹങ്ങൾ നീക്കം ചെയ്യണമെന്നും സ്കൂൾ അസംബ്ലികളിലെ ക്രിസ്ത്യൻ പ്രാർത്ഥനകൾ അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് തീവ്ര ഹിന്ദു സംഘടനകൾ.

'ക്രിസ്ത്യൻ മിഷനറിമാർ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മത സ്ഥാപനങ്ങളാക്കി മാറ്റുകയാണ്. ഞങ്ങൾ അത് അനുവദിക്കില്ല. പത്തു മുതൽ പതിനഞ്ച് ദിവസം വരെ ഞങ്ങൾ അവരെ കാത്തിരിക്കും. അതിനു ശേഷം ഞങ്ങൾ ചെയ്യേണ്ടത് ചെയ്യും, എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ അവർ ഉത്തരവാദികളായിരിക്കും.' ഗുവാഹത്തിയിൽ നടത്തിയ പത്രസമ്മേളനത്തിൽ കുടുംബ സുരക്ഷാ പരിഷത്ത് പ്രസിഡണ്ട് സത്യരഞ്ജൻ ബോറ പറഞ്ഞു. 'ഞങ്ങൾ വെറുതെയിരിക്കുമെന്ന് കരുതേണ്ട; എന്താണ് ഞങ്ങൾ ചെയ്യാൻ പോകുന്നതെന്നും പറയില്ല. സ്കൂളുകളിൽ പുരോഹിതനും കന്യാസ്ത്രീകളും മതപരമായ വസ്ത്രങ്ങൾ ധരിക്കരുതെന്ന് ഞങ്ങൾ ഇപ്പോൾ മുന്നറിയിപ്പ് കൊടുക്കുകയാണ്. അവർ സാധാരണ വസ്ത്രം ധരിക്കണം. സ്കൂൾ സമുച്ചയത്തിൽ നിന്ന് യേശുവിന്റെയും മറിയുടെയും കുരിശിന്റെയും വിഗ്രഹങ്ങൾ നീക്കം ചെയ്യണം. സ്കൂൾ കോംപ്ലക്സുകളിൽ നിന്ന് പള്ളികളും സ്കൂളുകളിലെ പ്രാർത്ഥനകളും നീക്കം ചെയ്യണം. ഞങ്ങൾ പറയുന്നത് കേൾക്കുന്നില്ലെങ്കിൽ ചെയ്യേണ്ടത് ഞങ്ങൾ ചെയ്യും. വിദ്യാഭ്യാസ സ്ഥാപനങ്ങളെ മതസ്ഥാപനങ്ങളാക്കി മാറ്റുന്നത് ഞങ്ങൾ വച്ചുപൊറുപ്പിക്കില്ല. ആവശ്യമെങ്കിൽ സുപ്രീം കോടതിയെ സമീപിക്കും' ബോറ പറഞ്ഞു

# വൈദികന് നേരെ യഹൂദ ദേശീയവാദികളുടെ ആക്രമണം

ജെറുസലേം: ഇസ്രായേലിൽ മഠാധിപതിയായ വൈദികന് നേരെ യഹൂദ ദേശീയവാദികൾ ആക്രമണം നടത്തിയതായി റിപ്പോർട്ട്. ഫാ. നിക്കോദെമോസ് ഷ്നാബെൽ എന്ന വൈദികനെ രണ്ട് യുവ യഹൂദ ദേശീയവാദികളാണ് ആക്രമിച്ചതു. അർമേനിയൻ യഹൂദ ക്വാർട്ടേഴ്സുകൾക്കിടയിലുള്ള അതിർത്തിയിലെ സിയോൻ ഗേറ്റിന് സമീപമാണ് സംഭവം. പ്രായപൂർത്തിയാകാത്ത ഒരാളും 20 വയസ്സുള്ള ഒരു യഹൂദനും വൈദികനെ തുപ്പുകയും അസഭ്യ വാക്കുകളാൽ യേശുവിനെതിരെ ആക്രോശിക്കുകയുമായിരിന്നു.

ജർമ്മൻ മാധ്യമപ്രവർത്തക നതാലി അമിരി ഈ രംഗം തത്സമയം പകർത്തിയതോടെ സംഭവം വിവാദമായി. യഹൂദ മതപാഠശാലകളും തീവ്ര ഓർത്തഡോക്സ് യഹൂദരും തിങ്ങി പാർക്കുന്ന മേഖലയിലാണ് ബെനഡിക്ടൻ ആശ്രമം സ്ഥിതി ചെയ്യുന്നത്. ഇവിടുത്തെ സന്യാസികൾ പലപ്പോഴും തീവ്ര യഹൂദവാദികളിൽ നിന്ന് ആക്രമണത്തിന് വിധേയരായിട്ടുണ്ട്. രാത്രിയിൽ, ആശ്രമത്തിന് നേരെ കല്ലേറ് ഉണ്ടായ സംഭവം ഉണ്ടായതായും റിപ്പോർട്ടുണ്ടായിരിന്നു. ഡിസംബർ അവസാനത്തിൽ, ഓർത്തഡോക്സ് സെമിത്തേരിയുടെ ചുവരിൽ ''ക്രിസ്ത്യൻ മിഷ്ണറിമാർ ഹമാസിനേക്കാൾ മോശമാണ്' എന്ന ചുവരെഴുത്ത് പ്രത്യക്ഷപ്പെട്ടിരിന്നു. സമീപ മാസങ്ങളിൽ, ക്രൈസ്തവർക്ക് നേരെ യഹൂദ ദേശീയവാദികൾ നടത്തുന്ന ആക്രമണങ്ങളുടെ എണ്ണം വലുതാണെങ്കിലും യുദ്ധത്തിനിടെ വിഷയത്തിന് ശ്രദ്ധ ലഭിച്ചില്ലായെന്നാണ് പുറത്തുവരുന്ന വിവരം.

# ഭീകരസംഘങ്ങളുടെ സൈബർ ആക്രമണ ശ്രമം വിഫലമാക്കിയെന്ന് യു.എ.ഇ

അബുദബി: യു.എ.ഇയുടെ നിർണായക മേഖലകൾ ലക്ഷ്യമിട്ട് സൈബർ ആക്രമണം നടത്താനുള്ള ശ്രമം വിഫലമാക്കിയെന്ന് സൈബർ സുരക്ഷാ കൗൺസിൽ. ആക്രമണത്തിന് പദ്ധതിയിട്ട തീവ്രവാദ സംഘത്തെയും അവരുടെ താവളത്തെയും തിരിച്ചറിഞ്ഞിട്ടുണ്ടെന്നും അധികൃതർ അറിയിച്ചു. ആക്രമണം മുന്നിൽകണ്ട് ദേശീയതലത്തിൽ സൈബർ സുരക്ഷാ സംവിധാനങ്ങൾ പ്രവർത്തനസജ്ജമായിരുന്നു. വ്യക്തികളും പൊതുസ്വകാര്യ സ്ഥാപനങ്ങളും സൈബർ ആക്രമണങ്ങളെ കരുതിയിരിക്കണമെന്ന് കൗൺസിൽ മുന്നറിയിപ്പ് നൽകി. അജ്ഞാത സന്ദേശങ്ങളിൽ ഉൾപ്പെടെയുള്ള സ്ഥിരീകരിക്കാനാകാത്ത ലിങ്കുകളിലൂടെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കണം. ആശയവിനിമയത്തിന് ഔദ്യോഗിക മാർഗങ്ങൾ മാത്രം അവലംബിക്കുക. ഇമെയിലുകൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കണമെന്നും നിർദേശമുണ്ട്.

# നീതി നിഷേധം ഭരണഘടനാ ലംഘനം: ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത



കെ. സി. സി. അവകാശ
സംരക്ഷണ നീതി യാത്ര
സെക്രട്ടറിയറ്റ് മാർച്ചോടെ
സമാപിച്ചു
തിരുവനന്തപുരം: ക്രൈസ്
തവ സമൂഹത്തിന് അർ
ഹതപ്പെട്ട നീതി നിഷേ
ധിക്കുന്നത് ഭരണഘടനാ
ലംഘനവും അധാർമ്മിക
തയുമാണന്ന് നാഷണൽ
കൗൺസിൽ ഓഫ് ചർച്ചസ്
പ്രസിഡണ്ട് ഡോ.ഗീവർ
ഗ്ഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്ത. കെസി
സിയുടെ നേതൃതത്തിൽ
ജനു. 29 ന് തിരുവല്ലയിൽ
നിന്നാരംഭിച്ച ക്രൈസ്തവ
അവകാശ സംരക്ഷണ
നീതിയാത്രയുടെ സമാപ
നം കുറിച്ച് നടന്ന സെക്രട്ട
റിയേറ്റ് മാർച്ച് ഉദ്ഘാടനം
ചെയ്യുകയായി അദ്ദേഹം.
ക്രൈസ്തവർക്കെതിരായ
നിയമ നിർമ്മാണങ്ങൾ ഒന്നി
ച്ച് നിന്ന് ചെറുത്ത് തോല്പി
ക്കണം. വിദ്യാഭ്യാസ തൊ
ഴിൽ മേഖലകളിൽ ദലിത്
ക്രൈസ്തവരുപ്പെടെയുള്ള
ജനവിഭാഗങ്ങളെ സർക്കാർ
തികച്ചും അവഗണിക്കുകയാ
ണെന്നും മെത്രാപ്പോലീത്ത
പറഞ്ഞു. ഒരു തൊഴിൽ ചെ
യ്യുന്ന ആളുകളെ രണ്ട് വി
ഭാഗമായി തരം തിരിക്കുന്ന
അനീതി ഉത്കണ്ഠാകുല
മാണെന്നും പൂർണ സമയ
സുവിശേഷകർക്ക് ക്ഷേമനി
ധി അനുവദിക്കണമെന്നും
അദ്ദേഹം ആവശ്യപ്പെട്ടു.
ശശി തരൂർ എം പി, കെ
സി സി ജനറൽ സെക്രട്ടറി
യും നീതി യാത്രക്യാപ്റ്റനു
മായ ഡോ.പ്രകാശ് പി തോ
മസ്,കെ സി സി ട്രഷറർ
റവ.ഡോ.റ്റി ഐ ജെയിംസ്,
വൈസ് പ്രസിഡന്റ് ഷിബി
പീറ്റർ, സാൽവേഷൻ ആർമി
ടെറിട്ടോറിയൽ കമാൻഡർ
കേണൽ ജോൺ വില്യം
പൊളിമെറ്റ്ല, മാത്യൂസ് മാർ
സിൽവാനിയോസ് എപ്പിസ്
ക്കോപ്പ, ബിഷപ്പ് ഡോ.ജോർ
ജ് ഈപ്പൻ, ബിഷപ്പ് ഡോ.
സെൽവ ദാസ് പ്രമോദ്,
ബിഷപ്പ് ഡോ.ഓസ്റ്റിൻ
എം എ പോൾ, ലൂഥറൻ
സഭ സിനഡ് പ്രസിഡന്റ്
റവ.മോഹനൻ മാനുവേൽ,
ഇസി ഐ ബിഷപ്പ് കമ്മി
സറി റവ. ഹെൻട്രി ഡി
ദാവീദ്, കെ സി സി ക്ലർജി
കമ്മീഷൻ ചെയർമാൻ
റവ.എ .ആർ നോബിൾ,
എന്നിവർ പ്രസംഗിച്ചു.
ആയിരങ്ങൾ പങ്കെടുത്ത
സെക്രട്ടറിയറ്റ് മാർച്ച് പാള
യം എൽ എം എസ് പള്ളി
പരിസരത്ത് നിന്ന് സാൽ
വേഷൻ ആർമി ടെറിട്ടോറി
യൽ കമാൻഡർ കേണൽ
ജോൺ വില്യം പൊളിമെ
റ്റ്ല ഉദ്ഘാടനം ചെയ്തു.
സാൽവേഷൻ ആർമി ചീഫ്
സെക്രട്ടറി ലെഫ്.കേണൽ
ജെ.ഡാനിയേൽ ജെ.രാ
ജ്, പേഴ്സണൽ സെക്രട്ട
റി ലെഫ്.കേണൽ സജു
ഡാനിയേൽ, കെ സി സി
മുൻ ട്രഷറർ റവ. എൽ.റ്റി
പവിത്ര സിങ്, കെ സി സി
വനിതാ കമ്മീഷൻ ചെയർ
മാൻ ധന്യാ ജോസ്, ക്ലർജി
കമ്മീഷൻ ജില്ലാ ചെയർ
മാൻ ഫാ.സജി മേക്കാട്ട്,
മേജർ റ്റി.ഇ.സ്റ്റീഫൻസൺ,
ഷിബു.കെ., റവ.ഡോ.ജെ.ഡ
ബ്ളിയു പ്രകാശ് എന്നിവർ
നേതൃത്വം നൽകി.
ജസ്റ്റീസ് ജെ ബി കോശി
കമ്മീഷൻ റിപ്പോർട്ടിലെ ശു
പാർശകൾ നടപ്പിലാക്കുക,
ന്യൂനപക്ഷ സ്ക്കോളർഷിപ്പ്
വിഷയത്തിൽ സംസ്ഥാന
സർക്കാർ സുപ്രീം കോട
തിയിൽ നൽകിയ അപ്പീൽ
പിൻവലിക്കുക, ദലിത് ക്രൈ
സ്തവ വിദ്യാർത്ഥികളുടെ
വെട്ടിക്കുറച്ച വിദ്യാഭ്യാസ
ആനുകൂല്യങ്ങൾ പുന:സ്ഥാ
പിക്കുക, ജനസംഖ്യാനുപാ
തിക സംവരണം നൽക്കുക,
പൂർണ്ണ സമയ സുവിശേഷ
പ്രവർത്തകർക്ക് ക്ഷേമനി
ധി അനുവദിക്കുക എന്നീ
ആവശ്യങ്ങൾ ഉന്നയിച്ച്
നടന്ന നീതി യാത്ര കെ സി
സി ജനറൽസെക്രട്ടറി ഡോ.
പ്രകാശ് പി തോമസാണ്
നയിച്ചത്.

## ഡൽഹിയിൽ സംയുക്ത ആരാധന

ഡൽഹി: ശാരോൻ ഫെല്ലോ
ഷിപ്പ് ചർച്ച് ഡൽഹി സെന്ററി
ന്റെ സംയുക്ത ആരാധന
ഇന്ന് രാവിലെ ഡാബ്രി മോ
ഡ് എം സി ഡി കമ്മ്യൂണി
റ്റി ഹാളിൽ നടക്കും. സഭാ
അന്തർദേശീയ പ്രസിഡണ്ട്
പാസ്റ്റർ ജോൺ തോമസ്,
നോർത്തേൺ റീജിയൻ
പ്രസിഡണ്ട് പാസ്റ്റർ എം ഡി
സാമുവേൽ എന്നിവർ മുഖ്യാ
തിഥികളായിരിക്കും. സെന്റർ
മിനിസ്റ്റർ പാസ്റ്റർ ജോൺ
തോമസ്, അസ്സോ. സെന്റർ
മിനിസ്റ്റർ പാസ്റ്റർ റെജി ആന്റ
ണി, സെക്രട്ടറി പാസ്റ്റർ ജി
ജയകുമാർ എന്നിവർ നേതൃ
ത്വം നൽകും. ശാരോൻ ക്വ
യർ ഗാനങ്ങൾ ആലപിക്കും.



## ആരാണ് ക്രിസ്ത്യാനികൾ?

ഒന്നാം നൂറ്റാണ്ടിൽ വാക്കിലും
പ്രവർത്തിയിലും ക്രിസ്തുവി
ന്റെ ഭാവം ഉള്ളവരെ കണ്ട
പ്പോൾ അന്ത്യോക്യയിലുള്ളവർ
അവർക്കിട്ട പേരാണ് ക്രിസ്ത്യാ
നികൾ.
ഇന്ന് ഈ പദത്തിന് ആ അർ
ഥമില്ല. കാരണം ക്രിസ്തീയ
കുടുംബത്തിൽ ജനിച്ചു എന്ന
ഒറ്റ കാരണം കൊണ്ട് 'ക്രിസ്
ത്യാനികൾ' എന്നു വിളിക്കപ്പെ
ടുന്നവരാണ് ബഹുഭൂരിപക്ഷം
ക്രിസ്ത്യാനികളും.

## കുർബാന തർക്കത്തിൽ വിശ്വാസികൾ കോടതിയിലേക്ക്

കൊച്ചി: എറണാകുളം അങ്ക
മാലി അതിരൂപത കുർബാന
തർക്കത്തിൽ കൂടുതൽ വി
ശ്വാസികൾ കോടതിയിലേക്ക്.
ഏകീകൃത കുർബാന നടത്ത
ണമെന്ന് ആവശ്യപ്പെട്ടാണു
വിശ്വാസികൾ കോടതിയെ
സമീപിക്കുന്നത്. കോടതി
നിർദേശപ്രകാരം തൃപ്പൂണി
ത്തുറ സെൻറ് മേരീസ് പള്ളി
യിൽ കമ്മിഷൻ സന്ദർശനം
നടത്തുകയാണ്. കഴിഞ്ഞ
ദിവസം എറണാകുളത്തെ
രണ്ട് പള്ളികളിൽ ജനാഭിമുഖ
കുർബാനയ്ക്ക് കോടതി സ്റ്റേ
നൽകിയിരുന്നു. എറണാകു
ളത്തെ രണ്ട് പള്ളികളിൽ
സിനഡ് കുർബാന നടത്താൻ
കോടതി ഉത്തരവിട്ടിട്ടുണ്ട്.
പാലാരിവട്ടം, മാതാനഗർ
പള്ളികളിലാണ് സിനഡ്
നിർദേശപ്രകാരമുള്ള ഏകീ
കൃത കുർബാന നടത്താൻ
ഉത്തരവുള്ളത്. ജനാഭിമുഖ
കുർബാന സിനഡ് നിരോ
ധിച്ചതാണെന്നും അതിനാൽ
പള്ളികളിൽ സിനഡ് നിർദ്ദേ
ശം നടപ്പാക്കാൻ കോടതി
ഇടപെടമെന്നും ആവശ്യപ്പെട്ട്
വിശ്വാസികൾ കോടതിയെ
സമീപിക്കുകയായിരുന്നു.
തുടർന്നാണ് ജനാഭിമുഖ കുർ
ബാന നിരോധിച്ച് ഏകീകൃത
കുർബാന നടത്താൻ കോടതി
ഉത്തരവിട്ടത്.




# ലോക വിവാഹ ദിനത്തിന്റെ ലക്ഷ്യം

ഭാര്യയേയും ഭർത്താവിനേയും ആദരിക്കുക എന്നതാണ് വേൾഡ് വൈഡ് മാര്യേജ് എൻകൗണ്ടർ സംഘടിപ്പിക്കുന്ന ലോക വിവാഹദിനത്തിന്റെ ലക്ഷ്യം.ഫെബ്രുവരി മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് ലോക വിവാഹ ദിനം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പള്ളികളിലും കത്തീഡ്രലുകളിലുമാണ് വേൾഡ് മാര്യേജ് ഡേ ആഘോഷിക്കുന്നത്. അതുകൊണ്ട് ഈ ദിനത്തിന് ക്രിസ്തീയമായൊരു പരിവേഷമുണ്ട്.

ദമ്പതിമാരുടെ പരസ്പര വിശ്വാസം, വിട്ടുവീഴ്ച, വിവാഹജീവിതത്തിലെ ആനന്ദം തുടങ്ങിയവയെ കുറിച്ച് ലോക വിവാഹ ദിനത്തിൽ പ്രസംഗിക്കുന്നു.

1981 ൽ ലോസ് ആഞ്ചലസിലെ ബാറ്റൺ റൂഗിൽ ആണ് വിവാഹ ദിനം വേണമെന്ന ആവശ്യം ആദ്യം ഉയർന്നത്. വാലന്റെയിൻ ദിനം' വി ബിലീവ് ഇൻ മാര്യേജ് ഡേ 'എന്നാക്കണമെന്നായിരുന്നു മേയറോടും ബിഷപ്പിനൊടുമുള്ള പല ദമ്പതിമാരുടെയും ആവശ്യം.

ലോകത്തിന്റെ വിവിധയിടങ്ങളിൽ വിവിധ രീതിയിലുള്ള വിവാഹങ്ങൾ കാണപ്പെടുന്നു. മിക്ക വിവാഹങ്ങളും മതപരവും ഗോത്രപരവുമായ ചടങ്ങുകളോടെയാണ് നടക്കുന്നത്. .ഇന്ത്യയിൽ 'സ്പെഷ്യൽ മാര്യേജ് ആക്റ്റ്' പ്രകാരം മതാചാരങ്ങളോ മറ്റു ചെലവുകളോ ഒന്നുമില്ലാതെ പ്രായപൂർത്തിയായവർക്ക് വിവാഹം 'രജിസ്റ്റർ' ചെയ്യാം.

മിക്ക രാജ്യങ്ങളിലും വിവാഹം കഴിക്കുവാനുള്ള കുറഞ്ഞ പ്രായം 18 വയസാണ്. ഇന്ത്യയിൽ സ്ത്രീക്ക് 21 വയസ്സും പുരുഷന് 24 വയസ്സുമാണ് കുറഞ്ഞ വിവാഹപ്രായം.

# എക്സിക്യൂട്ടീവ് ആയ ഇന്ത്യൻ വംശജന് യു എസിൽ ജീവൻ നഷ്ടപ്പെട്ടു

ന്യൂഡൽഹി: വാഷിംഗ്ടൺ ഡൗണ്ടൗണിലെ റസ്റ്റോറന്റിന് പുറത്തുണ്ടായ സംഘർഷത്തിൽ 41 കാരനായ വിവേക് തനേജ ആക്രമിക്കപ്പെട്ട് നിലത്തുവീഴുകയും, ദിവസങ്ങൾക്ക് ശേഷം മരണത്തിനു കീഴടങ്ങുകയും ചെയ്തത് . ഇന്ത്യൻ വംശജരായ വിദ്യാർത്ഥികൾക്കെതിരായ ഇത്തരം സംഭവങ്ങൾ അമേരിക്കയിൽ വർധിച്ച സാഹചര്യത്തിലാണ് വിവേക് ??തനേജയുടെ മരണം.ഫെബ്രുവരി 2 ന്, ഷോട്ടോ റെസ്റ്റോറന്റിന് പുറത്ത് 15ാം സ്ട്രീറ്റ് നോർത്ത് വെസ്റ്റിലെ 1100 ബ്ലോക്കിൽ പുലർച്ചെ 2 മണിക്ക് ഉദ്യോഗസ്ഥർ ആക്രമണം നടത്തിയപ്പോയായിരുന്നു ദാരുണ സംഭവം .



# ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കും; ബിനോയ് വിശ്വം

ഡൽഹി: ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. ഈ വിഷയം ചൂണ്ടിക്കാട്ടി പ്രധാനമന്ത്രിക്ക് കത്ത് അയച്ചു. മൂന്ന് മാസത്തിനിടെ പ്രധാനമന്ത്രി മൂന്നുതവണ ക്രിസ്ത്യൻ നേതാക്കളെ കണ്ടെന്നും ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളോടുള്ള ബിജെപിയുടെ സ്നേഹം കാപട്യമാണെന്നും അദ്ദേഹം പറഞ്ഞു. ന്യൂനപക്ഷ കമ്മീഷനിൽ ഒറ്റ ക്രിസ്ത്യാനി പോലുമില്ലെന്നും ബി.ജെ.പി ഇപ്പോൾ കാണിക്കുന്ന സ്നേഹം കല്ലുവെച്ച കളവാണെന്നും ഒരു ആത്മാർത്ഥതയുമില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കമ്മീഷനിൽ ക്രിസ്ത്യാനികളെ അംഗമാക്കാനുള്ള മര്യാദ പ്രധാനമന്ത്രി കാണിക്കുന്നില്ലെന്നും എല്ലാം വോട്ട് പെട്ടിയിൽ ആക്കാൻ ഉള്ള രാഷ്ട്രീയ താൽപര്യം മാത്രമാണെന്നും ബിനോയ് വിശ്വം കൂട്ടിച്ചേർത്തു.



# ഭയമോ? എനിക്കോ?

- നിങ്ങൾ പ്രഭാതഭക്ഷണം കഴിക്കാത്തപ്പോൾ നിങ്ങളുടെ വയറു ഭയക്കുന്നു.
- നിങ്ങൾ ഒരു ദിവസം ആവശ്യത്തിന് വെള്ളം കുടിക്കാത്തപ്പോൾ വൃക്കകൾ ഭയപ്പെടുന്നു.
- രാത്രി പതിനൊന്ന് മണി വരെ ഉറങ്ങാതിരിക്കുകയും സൂര്യോദയത്തിൽ എഴുന്നേൽക്കാതിരിക്കുകയും ചെയ്യുമ്പോൾ പിത്തസഞ്ചി ഭയപ്പെടുന്നു.
- നിങ്ങൾ തണുത്തതും കാലഹരണപ്പെട്ടതുമായ ഭക്ഷണം കഴിക്കുമ്പോൾ ചെറുകുടൽ ഭയപ്പെടുന്നു.
- നിങ്ങൾ കൂടുതൽ വറുത്തതും എരിവുള്ളതുമായ ഭക്ഷണം കഴിക്കുമ്പോൾ വൻകുടലുകൾ ഭയപ്പെടുന്നു.
- സിഗരറ്റിൽ നിന്നും ബീഡിയിൽ നിന്നും മലിനമായ പുകയും അഴുക്കും പരിസരവും ശ്വസിക്കുമ്പോൾ ശ്വാസകോശം ഭയപ്പെടുന്നു.
- വറുത്ത ഭക്ഷണം, ജങ്ക്, ഫാസ്റ്റ് ഫുഡ് എന്നിവ കഴിക്കുമ്പോൾ കരൾ ഭയപ്പെടുന്നു.
- ഉപ്പും കൊളസ്ട്രോളും കൂടുതലുള്ള ഭക്ഷണം കഴിക്കുമ്പോൾ ഹൃദയം ഭയപ്പെടുന്നു.
- നിങ്ങൾ കൂടുതൽ പഞ്ചസാര കഴിക്കുമ്പോൾ പാൻക്രിയാസ് ഭയപ്പെടുന്നു.
- നിങ്ങൾ മൊബൈൽ സ്ക്രീൻ വെളിച്ചത്തിലും കമ്പ്യൂട്ടറിൽ ഇരുട്ടിലും പ്രവർത്തിക്കുമ്പോൾ കണ്ണുകൾ ഭയപ്പെടുന്നു.
- നിഷേധാത്മക ചിന്തകൾ ഉണ്ടാകുമ്പോൾ തലച്ചോറ് ഭയപ്പെടുന്നു.

# മധ്യകാല റഷ്യൻ നേതാവിന്റെ തിരുനാൾ ദിനം ഔദ്യോഗിക കലണ്ടറിൽ നിന്ന് നീക്കം ചെയ്ത്, ഉക്രൈൻ

ഉക്രൈൻ : കിഴക്കൻ യൂറോപ്യൻ രാഷ്ട്രത്തിനെതിരായ റഷ്യയുടെ അധിനിവേശം രണ്ടാം വാർഷികത്തോട് അടുക്കുമ്പോൾ, ഉക്രെയ്നിലെ ഓർത്തഡോക്സ് ചർച്ച് അതിന്റെ ഔദ്യോഗിക കലണ്ടറിൽ നിന്ന് ഒരു മധ്യകാല റഷ്യൻ നേതാവായിരുന്ന വിശുദ്ധനെ നീക്കം ചെയ്തു.
കഴിഞ്ഞയാഴ്ച, ഒസിയു നേതൃത്വം ഉക്രേനിയൻ ഓർത്തഡോക്സ് സഭയുടെ വിശുദ്ധ സിനഡ് കൈവിലെ സെന്റ് മൈക്കിൾസ് ഗോൾഡൻ ഡോം കത്തീഡ്രലിലെ ഓർത്തഡോക്സ് സഭാ പ്രൈമേറ്റിന്റെ ഔദ്യോഗിക വസതിയായ സിനഡൽ ഹാളിൽ സംഘടിപ്പിച്ചു. മീറ്റിംഗ് അജണ്ടയുടെ ഭാഗമായി, അലക്സാണ്ടർ നെവ്സ്കി എന്നറിയപ്പെടുന്ന നോവ്ഗൊറോഡിലെ അലക്സാണ്ടർ രാജകുമാരന്റെ ഓർമ്മ ദിനം കലണ്ടറിൽ നിന്നും നീക്കം ചെയ്യാൻ വിശുദ്ധ സിനഡ് സമ്മതിച്ചു.ജർമ്മനിക്കും സ്വീഡിഷുകാർക്കുമെതിരായ സൈനിക വിജയങ്ങൾക്ക് പേരുകേട്ട പതിമൂന്നാം നൂറ്റാണ്ടിലെ റഷ്യൻ നേതാവും ,വിശുദ്ധനുമായ നെവ്സ്കിയുടെ തിരുനാൾ ദിനമായ നവംബർ 23ആണ് നീക്കം ചെയ്തത്.

# മാധ്യമപ്രവർത്തകന് നേരെ ബി.ജെ.പി പ്രവർത്തകരുടെ ആക്രമണം

പൂനെ: പ്രധാനമന്ത്രി നരേന്ദ്ര മോദി, എൽ.കെ. അദ്വാനി എന്നിവർക്കെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്നാരോപിച്ച് മഹാരാഷ്ട്രയിൽ മാധ്യമപ്രവർത്തകന് നേരെ ബി.ജെ.പി പ്രവർത്തകരുടെ ആക്രമണം. പൂനെ സ്വദേശിയായ നിഖിൽ വാഗ്ലെക്ക് നേരെയായിരുന്നു ആക്രമണമുണ്ടായത്.
രാഷ്ട്ര സേവാദൾ സംഘടിപ്പിച്ച നിർഭയ് ബാനോ റാലി?യിൽ പ?ങ്കെടുക്കാൻ കാറിൽ പോകവെയായിരുന്നു ആക്രമണം. കാറിന് നേരെ മഷി എറിയുകയും ചില്ലുകൾ തകർക്കുകയും ചെയ്തു. മുതിർന്ന ബി.ജെ.പി നേതാവ് എൽ.കെ. അദ്വാനിക്ക് രാജ്യത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഭാരതരത്ന നൽകിയതിന് പിന്നാലെയാണ് വാഗ്ലെ സാമൂഹിക മാധ്യമമായ എക്സിൽ ഇതിനെതിരെ വിമർശനവുമായി രംഗത്തുവന്നത്. തുടർന്ന് ബി.ജെ.പി നേതാവ് സുനിൽ ദിയോധറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഇദ്ദേഹത്തിനെതിരെ പൂനെയിൽ കേസ് രജിസ്റ്റർ ചെയ്തു. അപകീർത്തിപ്പെടുത്തൽ, ശത്രുത വളർത്തൽ തുടങ്ങിയ കുറ്റങ്ങളാണ് ഇദ്ദേഹത്തിനെതിരെ ചുമത്തിയത്.




# കാറ്റ് കൊള്ളാം; കീശ കാലിയാകരുത്

ദുബായ്: യുഎഇയിൽ നല്ല കാലാവസ്ഥ ഉള്ളതിനാൽ കാറിന്റെ വിൻഡോ താഴ്ത്തി യാത്രക്കാർക്ക് കാറ്റ് കൊള്ളാം. പക്ഷേ പോക്കറ്റ് കാലിയാകാതെ സൂക്ഷിക്കണമെന്ന് മാത്രം.
റോഡ് സുരക്ഷാ നിയമം അനുസരിച്ച് വാഹനത്തിൽ ഇരിക്കുമ്പോൾ തലയോ ശരീരത്തിന്റെ മറ്റേതെങ്കിലും ഭാഗമോ പുറത്തിടാൻ പാടില്ല. നിയമം ലംഘിക്കുന്ന വർക്ക് 2,000 ദിർഹം പിഴയും 23 ബ്ലാക്ക് പോയിന്റുകളും ലഭിക്കും. കൂടാതെ വാഹനം 60 ദിവസത്തേക്ക് കണ്ടുകെട്ടും. കണ്ടുകെട്ടിയ വാഹനം തിരികെ വിട്ടുനൽകാൻ ഉടമ 50,000 ദിർഹം കൂടി നൽകണം.ഇതുസംബന്ധിച്ച് ദുബായ് പോലീസ് വെള്ളിയാഴ്ച പങ്കിട്ട വീഡിയോയിൽ താമസക്കാർക്ക് മുന്നറിയിപ്പ് നൽകി.

# ഉത്തരാഖണ്ഡിൽ നിരോധനാജ്ഞ; വെടിവെപ്പിൽ ആറ് മരണം

ലഖ്നൗ: ഉത്തരാഖണ്ഡിലെ ഹൽദ്വാനി ജില്ലയിലെ ബൻഭൂൽപുരയിൽ അനധികൃതമെന്ന് ആരോപിച്ച് മസ്ജിദും മദ്രസയും പൊളിച്ചുമാറ്റാനുള്ള നീക്കത്തിന് പിന്നാലെ സംഘർഷം. സംഘർഷത്തിനെതിരെ പൊലീസ് വെടിയുതിർക്കുകയും ആറ് പേർ കൊല്ലപ്പെടുകയും ചെയ്തു. നിരവധി പേർക്ക് പരിക്കേറ്റു. സംഭവസ്ഥലത്ത് ക്രമസമാധാനം ഉറപ്പാക്കാൻ പൊലീസ് കർഫ്യൂ പ്രഖ്യാപിച്ചിട്ടുണ്ട്. ഷൂട്ട് അറ്റ് സൈറ്റ് ഉൾപ്പെടെയുള്ള ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സേവനങ്ങൾ നിർത്തിവെക്കുകയും സ്ഥിതിഗതികൾ ശാന്തമാകുന്നത് വരെ പ്രദേശത്തെ സ്കൂളുകൾ പൂട്ടാനും നിർദേശിച്ചിട്ടുണ്ട്.

ഇത് വർഗീയകലാപമല്ലെന്നാണ് ജില്ലാ മജിസ്ട്രേറ്റ് വന്ദന സിങ് പറയുന്നത്. ഇത് സാമൂഹിക വിരുദ്ധർ മുൻകൂട്ടി ആസൂത്രണം ചെയ്ത പ്രകോപനകരമായ പ്രവൃത്തിയാണെന്നാണ് സിങ് പറഞ്ഞത്. എന്നാൽ പൊലീസിന്റെ പ്രകോപനമുണ്ടായതായി പ്രാദേശിക മത നേതാവ് ആരോപിച്ചു. കയ്യേറ്റ വിരുദ്ധ നോട്ടീസിനെതിരെ കോടതിയെ സമീപിച്ച സാഹചര്യത്തിൽ മസ്ജിദും മദ്രസയും പൊളിക്കാൻ പാടില്ലായിരുന്നു എന്നാണ് ഇവരുടെ വാദം

# മിഷനറിമാരുടെ രഹസ്യ വിവരശേഖരണത്തിൽ പ്രതിഷേധിച്ച് സഭാ നേതാക്കൾ

ജബൽപൂർ : മധ്യപ്രദേശിൽ ക്രിസ്ത്യൻ മിഷനറിമാരുടെയും അവരുടെ സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ തേടി പൊലീസ് ചോദ്യാവലി നൽകുന്നതിൽ സഭാനേതാക്കൾ ശക്തമായ വിയോജിപ്പ് പ്രകടിപ്പിച്ചു. സംസ്ഥാനത്തെ മിഷനറിമാരുടെയും അവരുടെ ധനസഹായ സ്രോതസ്സുകളുടെയും വിവരങ്ങൾ നൽകാനാണ് ചോദ്യാവലി നൽകുന്നത്. 'ഞങ്ങളുടെ സ്ഥാപനങ്ങൾക്ക് പ്രാദേശിക പൊലീസിൽ നിന്ന് ചോദ്യാവലി ലഭിച്ചു. പക്ഷേ, ഞങ്ങൾ പൂരിപ്പിച്ചു നൽകിയിട്ടില്ല' മധ്യപ്രദേശിലെ ബിഷപ്പ് ജെറാൾഡ് ആൽമേഡ മാധ്യമങ്ങളോടു പറഞ്ഞു.
ബിജെപി സർക്കാർ പാസാക്കിയ കർശന മതപരിവർത്തന നിരോധനനിയമപ്രകാരം നിരോധിക്കപ്പെട്ട മതപരിവർത്തന പ്രവർത്തനങ്ങളിൽ മിഷനറിമാരും സംഘടനകളും ഏർപ്പെടുന്നുണ്ടോ എന്ന ചോദ്യം ഇതിൽ ഉൾപ്പെടുന്നു. സാമൂഹിക ക്ഷേമത്തിനും ദാരിദ്ര്യനിർമാർജ്ജനത്തിനും പ്രവർത്തിക്കുന്നവരെ ഉപദ്രവിക്കുന്നതിനുള്ള ശ്രമമാണിതെന്ന് സഭാ വക്താക്കൾ പറഞ്ഞു. ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ക്രിസ്ത്യൻ മിഷനറിമാരുടെയും സമ്പൂർണ്ണ വിവരം ശേഖരിക്കാനാണ് പദ്ധതി.
2023 ജൂലൈയിൽ സമാനമായ വിശദാംശങ്ങൾ ഇവർ ആവശ്യപ്പെട്ടെങ്കിലും ചോദ്യാവലി മാധ്യമങ്ങളിൽ വന്നതോടെ ശ്രമം ഉപേക്ഷിക്കുകയായിരുന്നു. ചോദ്യാവലി അനൗദ്യോഗികമായി തങ്ങൾക്ക് ലഭിച്ചു എന്നും പൂരിപ്പിച്ചു നൽകാൻ ആവശ്യപ്പെട്ടു എന്നും ജാംബുവാ രൂപതയുടെ പബ്ലിക് റിലേഷൻ ഓഫീസർ ഫാ.റോക്കി ഷാ പറഞ്ഞു. മധ്യപ്രദേശിലെ പൊലീസ് നടപടിയിൽ സഭാ ജനങ്ങളും നേതൃത്വവും ആശങ്കയിലാണ്. ഇതിനെതിരെ പ്രതിഷേധിക്കാൻ ഒരുങ്ങുകയാണ് സഭാനേതാക്കൾ.

# ആലപ്പുഴ ഈസ്റ്റ് സെന്റർ ഐ.പി.സി. സുവർണ ജൂബിലി കൺവൻഷൻ ആരംഭിച്ചു

മാവേലിക്കര: ഇന്ത്യ പെന്ത ക്കോസ്ത് ദൈവസഭ ആലപ്പുഴ ഈസ്റ്റ് സെന്റർ സുവർണ ജൂബിലി കൺവൻഷൻ മാവേലിക്കര ഐപിസി ശാലേം ഗ്രൗണ്ടിൽ തുടങ്ങി. ഐപിസി ആലപ്പുഴ ഈസ്റ്റ് സെന്റർ മിനി സ്റ്റർ പാസ്റ്റർ ബി.മോനച്ചൻ കായംകുളം ഉദ്ഘാടനം ചെയ്തു.
അപ്രതീക്ഷിത സംഭവങ്ങളാൽ മനുഷ്യർ പ്രതീക്ഷ നഷ്ടപ്പെട്ടവരായി മാറുമ്പോൾ ക്രിസ്തു വചനങ്ങൾക്കു പ്രത്യാശ പകരാൻ സാധിക്കുമെ ന്ന സത്യം തിരിച്ചറിയണമെന്നു പാസ്റ്റർ ബി.മോനച്ചൻ പറ ഞ്ഞു. സെന്റർ പിവൈപിഎ പുറ ത്തിറക്കിയ പാട്ടുപുസ്തകം പാസ്റ്റർ ബി. മോനച്ചൻ പ്രകാശനം ചെയ്തു.

# പാസ്റ്റർമാരും മാതാപിതാക്കളും കുറ്റക്കാരാകുമെന്നു പാർലമെന്റ്

യു കെ : കൺവേർഷൻ തെറാപ്പി നിരോധന നിയമം പാസാക്കിയാൽ മാതാപിതാക്കളും പാസ്റ്റർമാരും കുറ്റവാളികളാകുമെന്ന് പാർലമെന്റ് അംഗങ്ങൾ മുന്നറിയിപ്പ് നൽകി.സോളിഹുളിലെ ബറോണസ് ബർട്ട് കൊണ്ടുവന്ന കൺവേർഷൻ തെറാപ്പി നിരോധന ബില്ലിന്റെ രണ്ടാം വായന ഇന്നലെ ഹൗസ് ഓഫ് ലോർഡ്സിൽ നടന്നു.ബില്ലിന്റെ നിലവിലെ കരട് വളരെ വിശാലമാണെന്നും അഭിപ്രായ സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, രക്ഷാകർതൃ അവകാശങ്ങൾ എന്നിവയെ ദുർബലപ്പെടുത്തുമെന്നും മുന്നറിയിപ്പ് നൽകി. നിലവിലെ ബിൽ നിയമാനുസൃതമായ അഭിപ്രായ സ്വാതന്ത്ര്യത്തെയും സ്വകാര്യ കുടുംബജീവിതത്തെയും തകർക്കുമെന്ന് ഡെമോക്രാറ്റിക് യൂണിയനിസ്റ്റ് പാർട്ടി (ഡിയുപി) ചെയർമാൻ ലോർഡ് മോറോ പറഞ്ഞു.'ട്രാൻസ് പ്രശ്നങ്ങളിലും സഭാ ശുശ്രൂഷകരുടെ പ്രതീക്ഷയിലും സംശയമില്ലാതെ നിലനിൽക്കുന്ന സാമൂഹിക പകർച്ചവ്യാധികളിൽ തങ്ങളുടെ കുട്ടികൾ കുടുങ്ങാൻ ആഗ്രഹിക്കുന്നില്ല എന്ന കാരണത്താൽ മാതാപിതാക്കളെ വലിയ പിഴയ്ക്ക് വിധേയമാക്കുന്ന ഒരു നിയമം ഞങ്ങൾ പാസാക്കിയാൽ പൊതുജനങ്ങൾ ഞങ്ങളോട് ക്ഷമിക്കുമെന്ന് ഞാൻ കരുതുന്നില്ല. അവരുടെ പള്ളികൾക്കുള്ളിൽ അവരുടെ വിശ്വാസങ്ങൾ നിരുപദ്രവമായി ഉയർത്തിപ്പിടിച്ചതിന് പിഴ ഈടാക്കുന്നത് ഒരു ജനാധിപത്യവാദിയോ ലിബറലോ മറ്റോ സ്വാഗതം ചെയ്യേണ്ടതില്ല,' അദ്ദേഹം പറഞ്ഞു.
ബിൽ ഉപദ്രവമോ ദുരുപയോഗമോ ബലപ്രയോഗമോ തടയുന്നതിനോ അല്ല, മറിച്ച് അഭിപ്രായങ്ങളെ ലക്ഷ്യം വയ്ക്കുന്നതിനാണെന്നുമുള്ള വാദങ്ങളോടും അദ്ദേഹം വിയോജിച്ചു.'ഈ വാക്കുകളൊന്നും ബില്ലിൽ കാണുന്നില്ല. തെറ്റായ അഭിപ്രായങ്ങളായി കരുതി ചിലർ ശിക്ഷിക്കുന്നതിനെക്കുറിച്ചാണ് ഇത്, ഞങ്ങളാരും സഹകരിക്കാൻ തയ്യാറാകാത്ത തരത്തിലുള്ള നിയമമല്ല ഇത്,' അദ്ദേഹം പറഞ്ഞു.

# നിങ്ങൾ പറഞ്ഞ വാക്കുകളാണ് എന്നെ രൂപപ്പെടുത്തിയത്

റെയിൽവേ സ്റ്റേഷനിലെ യാചകന്റെ പക്കൽ കുറെ പെൻസിലുകൾ ഉണ്ടായിരുന്നു. ഒരു വ്യവസായി അയാളുടെ ഭിക്ഷാപാത്രത്തിൽ അമ്പത് രൂ.കൊടുത്തിട്ട് പറഞ്ഞു: 'ഞാൻ കുറെ പെൻസിലുകൾ എടുക്കുകയാണ്. ഈ പെൻസിൽ വിലപ്പെട്ടതാണ്. നിങ്ങൾ ഒരു വ്യവസായിയാണല്ലോ; ഞാനും അങ്ങനെയാണ്' . വർഷങ്ങൾക്ക് ശേഷം ഒരു പാർട്ടി നടക്കുന്നിടത്ത് യാചകൻ വ്യവസായിയെ വീണ്ടും കണ്ടു. യാചകൻ വ്യവസായിയുടെ അടുത്ത് ചെന്ന് പരിചയപ്പെടുത്തിയിട്ട് പറഞ്ഞു:
'അന്ന് നിങ്ങൾ ഒരു ഭിക്ഷക്കാരൻ ആയിരുന്നല്ലോ ഇപ്പോൾ നന്നായി വസ്ത്രം ധരിച്ച് മാന്യനായി കാണുന്നല്ലോ.'യാചകൻ: 'അന്ന് നിങ്ങൾ പറഞ്ഞ വാക്കുകളാണ് എന്നെ രൂപാന്തരപ്പെടുത്തിയത്. ഞാനും നിങ്ങളെപ്പോലെ ഒരു വ്യവസായി ആകുന്നു എന്ന് നിങ്ങൾ പറഞ്ഞുവല്ലോ. ഒരു യാചകനായിരുന്ന എന്നെ അന്ന് ഒരു വ്യവസായിയായി നിങ്ങൾ കാണുകയും പെൻസിൽ വില നൽകി കൊണ്ടുപോവുകയും ചെയ്തല്ലോ. അതു മുതൽ ഞാൻ പെൻസിൽ കച്ചവടവും തുടർന്ന് മറ്റു പല ബിസിനസുകളും ചെയ്യാൻ തുടങ്ങി. എന്റെ വ്യവസായം വളർന്ന് ഇപ്പോൾ ഈ നഗരത്തിലെ ഒരു മൊത്ത വ്യാപാരിയാണ് ഞാൻ. നിങ്ങളാണ് എന്നെ ഇങ്ങനെ ആക്കി തീർത്തത്. ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു'.
ഒരു യാചകനെ വ്യവസായി ആയി മാറ്റുവാൻ ഏതാനും ചില ചെറിയ വാക്കുകൾ കൊണ്ട് സാധിച്ചു. ഇവിടെ യാചകരോടും മറ്റുള്ളവരോടും നമുക്കുള്ള മനോഭാവം പ്രധാനമാണ്. ചെറിയ ജോലികൾ സ്വയം ചെയ്ത് ജീവിക്കുന്നവരെയും, നാടോടികളെയും, യാചകരെയും അവഗണിക്കുകയാണ് മിക്കപ്പോഴും നാം. അതിഥി തൊഴിലാളികളോടും പുച്ഛഭാവത്തിലാണ് ഇടപെടുന്നത്. മറ്റുള്ളവർ എന്തായിരിക്കുന്നു എന്നതിലുപരി അവരിലെ സാധ്യതകളെ കണ്ടു പ്രോത്സാഹിപ്പിക്കുവാൻ കഴിയുന്നത് വളരെ പ്രാധാന്യമേറിയ കാര്യമാണ്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
08
11 FEBRUARY 2024
VOL 03 | ISSUE 041 | 740

# നീന്തൽ കുളത്തിനപ്പുറം മനസിന് സമാധാനം കണ്ടെത്താൻ എന്നെ സഹായിച്ചത് ദൈവവും സഭയും: ആദം പീറ്റി



യു കെ : വരാനിരിക്കുന്ന പാരീസ് ഒളിമ്പിക് ഗെയിംസിന്റെ സമ്മർദ്ദം കൈകാര്യം ചെയ്യാൻ ക്രിസ്ത്യൻ വിശ്വാസമാണ് സഹായിച്ചതെന്ന് പ്രശസ്ത നീന്തൽ താരം ആദം പീറ്റി

വിഷാദത്തിനും മദ്യപാനത്തിനും അടിമയായിരുന്ന ഈ 29കാരൻ തന്റെ മാനസികാരോഗ്യ പ്രശ്നങ്ങളെ നേരിട്ടത് എങ്ങനെയാണെന്ന് ബിബിസി ഈസ്റ്റ് മിഡ്ലാൻഡ്സ് ടുഡേയ്ക്ക് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു: ജീവിതത്തിന്റെ ഭൂരിഭാഗവും സ്വയം വിജയിക്കാനും അതിന്റെ മികച്ച ഫലങ്ങളിൽ നിന്ന് സംതൃപ്തി നേടി ജീവിതം പൂർത്തീകരിക്കാനും ശ്രമിച്ചു. പക്ഷേ അത് എന്നെ നിരാശയിലേക്കാണ് നയിച്ചത്‘.

ഒളിമ്പിക്സിൽ മൂന്ന് തവണയാണ് ഇദ്ദേഹം
നീന്തൽ ചാമ്പ്യൻഷിപ്പ് നേടിയത്. ക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ചും അത് തന്റെ വ്യക്തിജീവിതത്തിലും പ്രൊഫഷണൽ കരിയറിലും വഹിക്കുന്ന പങ്കിനെക്കുറിച്ചും അഭി മുഖത്തിൽ ആദം തുറന്ന് സംസാരിച്ചു.

സ്പോർട്സ് അല്ല യഥാർത്ഥ ലോകമെന്നും ക്രിസ്തുവിലുള്ള സമാധാനമാണ് പ്രധാനമെന്നു ഇപ്പോൾ അത് താൻ അനുഭവിക്കുന്നുണ്ടെന്നും ആദം പറഞ്ഞു. ദോഹയിൽ നടന്ന ലോക അക്വാട്ടിക്സ് ചാമ്പ്യൻഷിപ്പിൽ എത്തിയതായിരുന്നു അദ്ദേഹം.

അത്‌ലറ്റിക് നേട്ടങ്ങൾക്കപ്പുറമുള്ള ഘടകങ്ങൾ പരിഗണിക്കേണ്ടതിന്റെ പ്രാധാന്യം പീറ്റി ഊന്നിപ്പറഞ്ഞു:നമുക്ക് ചുറ്റുമുള്ള ആളുകൾ എങ്ങനെയിരിക്കുന്നു എന്നതിനുപകരം നമ്മുടെ റിസൽട്ട് കണക്കാക്കിയാണ് ജീവിതം മുന്നോട്ട് നയിക്കേണ്ടത്.

‘വെളിച്ചത്തിലേക്ക്‘ എന്ന വാക്കുകൾ ഉപയോഗിച്ച് തന്റെ കുരിശിന്റെ ടാറ്റൂയെക്കുറിച്ച് ചർച്ച ചെയ്ത പീറ്റി, തനിക്ക് ‘കായികരംഗത്തിന് പുറത്തുള്ള ഒരു സമൂഹം‘ ഇല്ലായിരുന്നുവെന്നും ദൈവത്തിലും പള്ളിയിൽ പോകുന്നതിലും താൻ ആശ്വാസവും സംതൃപ്തിയും കണ്ടെത്തിയെന്നും തന്നോടുള്ള

ദൈനംദിന സംഭാഷണങ്ങളും പ്രാർത്ഥനകളും ദൈവം തന്ന നീന്തൽ സമ്മാനം ഉപയോഗിക്കാൻ തന്നെ പ്രചോദിപ്പിക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

2021ൽ ഒളിമ്പിക് കിരീടം സംരക്ഷിക്കുന്ന ആദ്യത്തെ ബ്രിട്ടീഷ് നീന്തൽ താരമായി മാറിയ പീറ്റി, തന്റെ പോരാട്ടങ്ങളുടെ മാനസിക ആഘാതവും പുതുക്കിയ വീക്ഷണത്തോടെ പൂളിലേക്കുള്ള മടങ്ങിവരവും ഊന്നിപ്പറഞ്ഞു.‘ഒരു കായികതാരം എന്നത് 365, 24/7 ആണ്,‘ അദ്ദേഹം പറഞ്ഞു. ‘നിങ്ങൾ ആഗ്രഹിക്കുന്നത് ചെയ്യാൻ കഴിയുന്ന ജീവിതത്തിന്റെ സാധാരണ വശം നിങ്ങൾക്ക് ഒരിക്കലും ഉണ്ടാകില്ല.‘തന്റെ കായികരംഗത്തെ വൈകാരിക വെല്ലുവിളികളെ അദ്ദേഹം അംഗീകരിച്ചു: ‘ഇത് എന്നെ കുളത്തിൽ കരയിച്ചു, ‘ഇതൊന്നും വിലപ്പോവില്ല, എനിക്ക് ഇത് ചെയ്യാൻ കഴിയില്ല എന്ന മട്ടിലായിരുന്നു അപ്പോഴത്തെ അവസ്ഥ.

നീന്തലിനോടുള്ള സ്നേഹവും അതിനായുള്ള പോരാട്ടവും തമ്മിലുള്ള സന്തുലിതാവസ്ഥയെക്കുറിച്ച് പ്രതിഫലിപ്പിച്ചുകൊണ്ട് പീറ്റി പറഞ്ഞു: ‘നിങ്ങൾ അത് ആസ്വദിക്കുന്നു, എന്നാൽ നിങ്ങൾ ജീവിക്കാൻ ആഗ്രഹിക്കുന്ന ജീവിതത്തിൽ നിന്ന് അത് എടുത്തുകളയുന്നതിനാൽ നിങ്ങൾ ചിലപ്പോൾ വെറുക്കുകയുംചെയ്യുന്നു.

‘യഥാർത്ഥത്തിൽ മികച്ചതാകാൻ, എല്ലാ ദിവസവും ഓരോ മണിക്കൂറിലും 110 ശതമാനം നിങ്ങൾ സമർപ്പിക്കണം.‘ഒളിമ്പിക് സ്വപ്നങ്ങൾ പിന്തുടരുന്നതിൽ സ്വയം പ്രതിഫലനത്തിന്റെയും പ്രതിബദ്ധതയുടെയും ആവശ്യകത ഉയർത്തിക്കാട്ടിക്കൊണ്ട് പീറ്റി ഉപസംഹരിച്ചു.‘നിങ്ങൾ ഒളിമ്പിക്സിന് പോകുകയാണെങ്കിൽ, നിങ്ങൾ സ്വയം ഒരു കരാർ എഴുതി ആ കരാർ ഒപ്പിടണം, നിങ്ങൾ ചെലവ് നൽകാൻ പോകുകയാണെങ്കിൽ, ആ ചെലവ് വിലമതിക്കുമോ?അത് കൊടുക്കാൻ ഞാൻ തയ്യാറാണോ? ശ്രമിച്ചില്ലല്ലോ എന്ന സങ്കടത്തോടെ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.‘പീറ്റി അഭിപ്രായപ്പെട്ടു.

# ബൈസാന്റിയൻ ദേവാലയം മോസ്ക്കാക്കി മാറ്റുന്നു

തുർക്കി : പുരാതന ക്രൈസ്തവ ദൈവാലയമായ ഹാഗിയ സോഫിയ മോസ്കാക്കി മാറ്റിയതിന്റെ മുറിവുണങ്ങും മുമ്പ് വീണ്ടുമൊരു പുരാതന ബൈസാന്റിയൻ ദൈവാലയം കൂടെ ഇസ്ലാമിക ആരാധനാലയമാക്കി മാറ്റാനൊരുങ്ങി തുർക്കി ഗവൺമെന്റ്. കഴിഞ്ഞ 79 വർഷമായി മ്യൂസിയമായി ഉപയോഗിച്ചുവരുന്ന പുരാതന ബൈസാന്റിയൻ ദൈവാലയമായ ചോറ ദൈവാലയത്തിൽ ഫെബ്രുവരി 23 മുതൽ ഇസ്ലാം മതത്തിലെ വെള്ളിയാഴ്ച പ്രാർത്ഥനകൾ ഉയരും. 2020ൽ തുർക്കി ഗവൺമെന്റ് എടുത്ത തീരുമാനമാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. അപൂർവമായ ചുവർചിത്രങ്ങളും മൊസൈക്കുകളും അടങ്ങിയ ഈ ദൈവാലയം ബാസന്റിയൻ വാസ്തുകലയിൽ നിർമിച്ചവയിൽ അവശേഷിക്കുന്ന ഏറ്റവും പ്രധാന ദൈവാലയങ്ങളിലൊന്നാണ്. 12 ാം നൂറ്റാണ്ടിൽ നിർമിച്ച ദൈവാലം 14ാം നൂറ്റാണ്ടിൽ പുതുക്കി പണിതിരുന്നു. ഒട്ടോമാൻ അധിനിവേശത്തെ തുടർന്ന് 1511ൽ മോസ്കാക്കി മാറ്റിയ ദൈവാലയം രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ബൈസാന്റിയൻ ചിത്രകലകൾ പുനഃസ്ഥാപിച്ചുകൊണ്ട് മ്യൂസിയമായി ഉപയോഗിച്ചുവരികയായിരുന്നു. ‘നഗരത്തിന് പുറത്തുള്ള ദിവ്യരക്ഷകന്റെ ദൈവാലയം‘ എന്നറിയപ്പെടുന്ന ഈ ദൈവാലയത്തിലെ ക്രൈസ്തവ ചുവർചിത്രങ്ങൾ പ്രത്യേക റെഡ് കാർപ്പറ്റ്കൊണ്ട് മറച്ചാവും ഇസ്ലാമിക ആരാധനയ്ക്കായി ഉപയോഗിക്കുക.

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

**Contact-Baby Samuel**
**WhatsApp No. +91 92072 51248**






തയ്യാറാക്കിയത്:
**സിസ്റ്റർ ബിൻസി ഐസക്**

## സൂപ്പർ ബൈബിൾ ക്വിസ് 40

### ഇന്നത്തെ ചോദ്യങ്ങൾ

വായന ഭാഗം: **സംഖ്യപുസ്തകം 26 - 30**

1. ഏത് മലയിൽ നിന്നാണ് യിസ്രായേൽ മക്കൾക്കു കൊടുത്തിരിക്കുന്ന ദേശം മോശെ നോക്കിക്കണ്ടത്?
2. ആർക്കാണ് പുത്രിമാർ മാത്രം ഉണ്ടായിരുന്നത്?
3. യഹോവയുടെ ആത്മാവുള്ള പുരുഷനായി യഹോവ കണ്ടതാരെയാണ്?
4. കാഹളനാദോത്സാവം എന്നാണ്?
5. യഹോവയുടെ സന്നിധിയിൽ അന്യാഗ്നി കത്തിച്ചതിനാൽ മരിച്ചുപോയവർ?

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. യിസ്രായേൽമക്കൾക്ക് (23:22)
2. ഇയ്യെ അബാരീം (21:11)
3. ബെയോർ (22:5)
4. കേന്യരുടെ (24:21)
5. ഫിനെഹാസിനു (25:11&12)

CHRISTIAN LIVE DAILY
11 FEBRUARY 2024
VOL 03
ISSUE 041 | 740
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

